<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 403</u> <u>04-07-2024 - ൽ മറുപടിയ്ക്ക്</u>

<u>വാട്ടർ സ്ട്രീറ്റ് പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയിൽ വാട്ടർ സ്ട്രീറ്റ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കുമോ; ഇത്തരം പദ്ധതികളുടെ സാധ്യതകൾ പഠന വിധേയമാക്കിയിട്ടുണ്ടോയെന്നും അതിന് അനുയോജ്യമായ എന്തെല്ലാം ഘടകങ്ങളാണ് സംസ്ഥാനത്തുള്ളതെന്നും വിശദമാക്കുമോ; | (എ) | വിനോദസഞ്ചാര മേഖലയിൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി വാട്ടർ സ്ട്രീറ്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത് എന്ന യു എൻ ഡബ്ല്യൂ റ്റി ഒ യുടെ പുതിയ ടൂറിസം മുദ്രാവാകൃത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 10 പ്രദേശങ്ങളിൽ നടപ്പാക്കുന്ന പദ്ധതിയാണ് സ്ട്രീറ്റ് പദ്ധതി. സസ്റ്റൈനബിൾ, ടാഞ്ചിബിൾ, റെസ്പോൺസിബിൾ, എക്സ്പീരിയൻഷ്യൽ, എത്തിക്ക്, ടൂറിസം ഹബ്സ് എന്നതിന്റെ ചുരുക്കെഴുത്താണ് സ്ട്രീറ്റ്.<br><br>പദ്ധതിയുടെ ഭാഗമായി മറവന്തുരുത്ത് പഞ്ചായത്തിലെ വാട്ടർ സ്ട്രീറ്റ് 2022 ഏപ്രിൽ 28 - ന് ഉദ്ഘാടനം ചെയ്തു. ജല സംരക്ഷണ പ്രവർത്തനത്തിലൂടെ അനുഭവവേദ്യ ടൂറിസം സാധ്യമാക്കുക എന്നതാണ് വാട്ടർ സ്ട്രീറ്റ് എന്ന പ്രവർത്തനത്തിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യം. പ്രാദേശിക ശ്രദ്ധക്കുറവ് മൂലം മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി മാറിയ ജലാശയ കേന്ദ്രങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, ബഹുജനങ്ങളുടെയും പിന്തുണയോടെ വൃത്തിയാക്കി സംരക്ഷിച്ച് അവിടങ്ങളിൽ തോണി യാത്രകൾ, ശിക്കാര യാത്രകൾ, കയാക്കിംഗ് പോലുള്ള സൗകര്യങ്ങൾ ബഹുജനപങ്കാളിത്തത്തോടെ ഒരുക്കി ജലാശയങ്ങളുടെ തീരങ്ങൾ കയ്യേറ്റത്തിന് വിധേയമാകാതെ തടഞ്ഞ് കൊണ്ട് പൂച്ചെടികളും മറ്റും വെച്ച് പിടിപ്പിച്ചും, സംരക്ഷിച്ചും ജലത്തിലൂടെയുള്ള |

| | | | |
|---|---|---|---|
| | | | യാത്രകൾ ടൂറിസ്റ്റുകൾക്ക് ഒരുക്കിയും അതിനിടയിൽ പ്രാദേശിക ഭവനങ്ങളിലെത്തി ഓലമെടയലും, തെങ്ങ് കയറ്റവും, തഴപ്പായ നെയ്ത്തും, കള്ള് ചെത്ത്, മൺപാത്ര നിർമ്മാണം, മത്സ്യബന്ധനം, കാർഷിക പ്രവർത്തനങ്ങൾ എല്ലാം കണ്ടും അതിന്റെ ഭാഗമായും ടൂറിസ്റ്റുകളെ അനുഭവവേദ്യ ടൂറിസത്തിന്റെ ഭാഗമായി മാറ്റുക എന്നത് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യമാണ്. വീട്ടുകളിൽ പോയി തനത് രുചി വൈവിദ്ധ്യങ്ങൾ ആസ്വദിക്കാനുള്ള എത്തിക് ക്യുസീൻ ഇതിന്റെ ഭാഗമായാണ്. ഈ പ്രവർത്തനങ്ങൾ മറവന്തുരുത്തിലും, കടലുണ്ടിയിലും, മാഞ്ചിറയിലും, വലിയപറമ്പയിലും മികച്ച രീതിയിൽ നടന്നു വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് വാട്ടർ സ്ട്രീറ്റ് പദ്ധതി നടപ്പാക്കി വരുന്നത്; വിശദാംശം നൽകുമോ; | (ബി) | വിനോദസഞ്ചാര മേഖലയിൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടപ്പാക്കുന്ന സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി വാട്ടർ സ്ട്രീറ്റ് പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബഹുജനങ്ങളുടെയും പങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. സ്ട്രീറ്റ് പദ്ധതി കോഴിക്കോട് ജില്ലയിലെ കടലുണ്ടി, പാലക്കാട് ജില്ലയിലെ തൃത്താല, പട്ടിത്തറ, കണ്ണൂർ ജില്ലയിലെ പിണറായി, അഞ്ചരക്കണ്ടി, കോട്ടയം ജില്ലയിലെ മറവൻതുരുത്ത്, മാഞ്ചിറ, കാസർകോട് ജില്ലയിലെ വലിയ പറമ്പ, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വയനാട് ജില്ലയിലെ ചേകാടി എന്നിങ്ങനെ 10 പ്രദേശങ്ങളിലാണ് ആദ്യ ഘട്ടത്തിൽ നടപ്പാക്കിയത്. ഇതിൽ മറവന്തുരുത്ത്, വലിയപറമ്പ, മാഞ്ചിറ, കടലുണ്ടി എന്നീ പ്രദേശങ്ങളാണ് വാട്ടർ സ്ട്രീറ്റ് പദ്ധതി നടപ്പാക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ളത്. |
| (സി) | വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഏത് പദ്ധതിയ്ക്കാണ് ഇത്തരത്തിൽ അന്താരാഷ്ട്ര അംഗീകാരം ലഭ്യമായിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (സി) | കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടപ്പാക്കുന്ന മറവൻതുരുത്ത് പഞ്ചായത്തിലെ സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായ വാട്ടർ സ്ട്രീറ്റ് പ്രവർത്തനങ്ങൾക്ക് ഡബ്ല്യു ടി എം - ഗ്ലോബൽ ആർ ടി അവാർഡ് 2022 ലെ 'Conserving Water and improving water scarcity & supply for neighbors' വിഭാഗത്തിൽ ഗ്ലോബൽ അവാർഡും ലഭിച്ചു. ഐ സി ആർ ടി ഇന്ത്യയുടെ ഇന്ത്യൻ സബ് കോൺടിനന്റൽ ഗോൾഡ് അവാർഡും 2022 -ൽ ലഭിച്ചിട്ടുണ്ട്. മറവൻതുരുത്ത് പഞ്ചായത്തിലെ വാട്ടർ സ്ട്രീറ്റ് പ്രവർത്തനങ്ങൾക്കാണ് ഈ അവാർഡുകൾ ലഭിച്ചത്. |

സെക്ഷൻ ഓഫീസർ